# Mathrubhumi

# 17 June 2018

# Chellanam: Heavy rain, Airstreams



# നഗരത്തെ വിറപ്പിച്ച് കാറ്റ്

തൈക്കൂടം പാലത്തിൽ പ്രധാന റോഡിലും രവിപുരം ആലപ്പാട്ട് ക്രോസ് റോഡ്, കുഞ്ഞൻ ബാവ റോഡ് എന്നിവിടങ്ങളിലും മരങ്ങൾ വീണ് ഏറെസമയം ഗതാഗതം തടസ്സപ്പെട്ടു.

ഗാന്ധിനഗർ അഗ്നിരക്ഷാ സേനയിലെ അസിസ്റ്റൻറ് സ്റ്റേഷൻ ഓഫീസർ പി.കെ. സുരേഷിൻെറ നിർദേശാനുസരണം ലീഡിങ് ഫയർമാൻ സന്തോഷ് കുമാർ, മോനി, ഫയർമാൻ വിപിൻ, സുധീഷ്, മിധേഷ്, സജീവ് എന്നിവരടങ്ങിയ സംഘമാണ് മരം വെട്ടിമാറ്റിയത്.

കളമശ്ശേരിയിൽ ഞായറാഴ്ച രാവിലെ വീശിയടിച്ച കാറ്റിൽ വീടുകൾക്ക് നാശനഷ്ടം. നഗരസഭ ഒന്നാം വാർഡിലും ഏഴാം വാർഡിലും നാൽപ്പത്തി ഒന്നാം വാർഡിലുമാണ് എട്ടരയോടെയുണ്ടായ കാറ്റിൽ വീടുകൾക്ക് കേടുപാടുകൾ പറ്റിയത്. ഒന്നാം വാർഡിൽ മാവിൻെറ കമ്പ് ഒടിഞ്ഞുവീണ് മാളിയേക്കൽ സാജു ആൻറണിയുടെ വീട് ഭാഗികമായി തകർന്നു.

ഏഴാം വാർഡിലെ റോക്ക് വെൽ പമ്പ്ഹൗസിന് സമീപം പാറക്കാട്ടിൽ ഷാജിയുടെ വീടിൻെറ മേൽക്കൂര ശക്തമായ കാറ്റിൽ തകർന്ന് വീഴുകയായിരുന്നു.

കോൺക്രീറ്റ് വീടിൻെറ ടെറസ്സിൽ ഇരുമ്പ് തൂണുകളിൽ നിർമിച്ച ജി.ഐ. ഷീറ്റ് മേൽക്കൂര ശക്തമായ കാറ്റിൽ പറന്നാണ് താഴെ വീടിൻെറ മുൻ ഭാഗത്തേക്ക് വീണത്.

ആ സമയത്ത് വീടിന് മുന്നിൽ ആരുമുണ്ടായിരുന്നില്ല.

നാൽപ്പത്തി ഒന്നാം വാർഡിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡിൽ കപ്പിത്താൻ വീട്ടിൽ സെബാസ്റ്റ്യൻെറ വീട്ടിൻെറ മേൽക്കൂരയിലേക്ക് സമീപത്തുണ്ടായിരുന്ന വലിയ പരുത്തി മരം അടിഭാഗം മുറിഞ്ഞ് വീഴുകയായിരുന്നു. ഓടുമേഞ്ഞ വീടിൻെറ മേൽക്കൂരയാകെ തകർന്നു.

വീട്ടുകാർ കുട്ടികളോടൊത്ത് പള്ളിയിൽ പോയപ്പോഴായിരുന്നു കാറ്റു വീശി മരം വീണത്. ഗൃഹോപകരണങ്ങൾക്ക് കേടുപാട് സംഭവിച്ചു. കുട്ടികളുടെ പുസ്തകങ്ങളും മറ്റും മഴയിൽ നനഞ്ഞ് ഉപയോഗശൂന്യമായി.

## ചെല്ലാനത്ത് വീണ്ടും കടൽക്ഷോഭ

### വീടുകൾ വെള്ളത്തിൽ

ചെല്ലാനം ▸ കാലവർഷം ശക്തിപ്പെട്ടതോടെ ചെല്ലാനത്ത് വീണ്ടും കടൽക്ഷോഭം. ഞായറാഴ്ച ഉച്ചയോടെയാണ് കടൽ കയറിയത്. രാവിലെ 11 മണിയോടെ ശക്തിയായ കാറ്റുണ്ടായി. ചെല്ലാനത്ത് പല വീടുകളുടെയും ഓടുകളും, ഷീറ്റുകളും കാറ്റിൽ പറന്നുപോയി. മരങ്ങൾ കടപുഴകി വീണു. മീൻപിടിത്ത വള്ളങ്ങൾ കടലിൽ ഇറങ്ങിയില്ല.

ചെല്ലാനം കമ്പനിപ്പടി, ആലുങ്കൽ കടപ്പുറം, ചെല്ലാനം ബസാർ, മറുവക്കാട് എന്നി പ്രദേശങ്ങളിലാണ് ശക്തമായ കടൽകയറ്റം ഉണ്ടായത്. വേലിയേറ്റ സമയത്ത് കടൽവെള്ളം വീട്ടുപറമ്പുകളിലൂടെ സമീപത്തെ ഉപ്പത്തക്കാട് തോട്ടിലേക്ക് ഒഴുകി. തോടിനു സമീപത്തെ വീടുകൾ വെള്ളത്തിലായി.

പലരും വീടുവിട്ട് ബന്ധുഗൃഹങ്ങളിലേക്ക് മാറി. കടൽകയറ്റം തടയാൻ അധികൃതർ യന്ത്രസഹായത്തോടെ നിർമിച്ച മണൽവാട കടൽകയറി നശിച്ചു.

മണ്ണുനിറച്ച് കടലാക്രമണത്തെ താത്കാലികമായി തടയാനായി ഇറിഗേഷൻ വകുപ്പ് ഒന്നര മീറ്റർ നീളമുള്ള ജിയോ ബാഗുകളാണ് തീരപ്രദേശങ്ങളിൽ നൽകിവരുന്നത്. ഞായറാഴ്ച ബസാർ ഭാഗത്ത് 200 ബാഗുകൾ എത്തിച്ചു. കടൽവെള്ളം ശക്തിയായി ഒഴുകിപ്പോകുന്ന ഉപ്പത്തക്കാട് തോട് തെക്കേ ചെല്ലാനം മുതൽ ബസാർവരെയെങ്കിലും ആഴംകൂട്ടണമെന്നും മണൽവാട കെട്ടുന്നതിന് 1000 ജിയോ ബാഗ് അടിയന്തരമായി അ... പശ്ചിമകൊച്ചി തീര... ആവശ്യപ്പെട്ടു.

ചെല്ലാനം ആലുങ്കൽ ഭാഗത്ത് കടൽ കയറിയപ്പോൾ

കൈകോർത്തു

...രെയിൽ വൈദ്യുതിയും